DESPATCHED
On.25/2/23..



**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം–695 001**
Email: sic.ker@nic.in

ഹർജി നമ്പർ **AP 1533(1)/2022/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.14292/SIC-Gen4/2022**
**(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2023 ഫെബ്രുവരി 23**

ശ്രീമതി. റബേക്ക കനകരാജ്,
പാറയിൽ ബീച്ച് ഹൗസ്,
ടി.സി. 34/306, ജി.വി.ആർ.ആർ.എ, എ–118,
എ–സ്ട്രീറ്റ് , ശംഖുമുഖം ബീച്ച് പി.ഒ.,
തിരുവനന്തപുരം. 695 007.
} അപ്പീൽ ഹർജിക്കാരി

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
പോലീസ് ഇൻസ്പെക്ടർ & എസ്.എച്ച്.ഒ.,
വലിയതുറ പോലീസ് സ്റ്റേഷൻ,
തിരുവനന്തപുരം സിറ്റി.
2. അപ്പീൽ അധികാരി &
പോലീസ് അസിസ്റ്റന്റ് കമ്മീഷണർ,
ശംഖുമുഖം സബ് ഡിവിഷൻ,
തിരുവനന്തപുരം സിറ്റി.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 21.6.2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 13.7.2022 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 18.7.2022 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 15.8.2022 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 17.9.2022 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 17.9.2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 6.10.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 21.10.2022 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയതി | 18/1/2023, 8/2/2023 & 22/2/2023 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരി<br>എസ്.പി.ഐ.ഒ & എ.എ<br>മുൻ എസ്.പി.ഐ.ഒ | ഹാജരായി (18.1.2023)<br>ഹാജരായി (8.2.2023)<br>ഹാജരായി (24.2.2023) |

## ഉത്തരവ്

ശ്രീമതി. റബേക്ക കനകരാജ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൾ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച

വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടത് ടിയാൾ 10.11.2016-ൽ വലിയതുറ പോലീസ് സ്റ്റേഷനിൽ സമർപ്പിച്ച പരാതിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പായിരുന്നു എന്നും എന്നാൽ വലിയതുറ പോലീസ് സ്റ്റേഷനിൽ സമർപ്പിച്ച പരാതി രേഖകൾ പരിശോധിച്ചതിൽ കണ്ടെത്താൻ സാധിച്ചിട്ടില്ല എന്ന മറുപടിയാണ് ലഭിച്ചതെന്നും തുടർന്ന് രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയ്ക്കും അതേ മറുപടി തന്നെയാണ് ലഭിച്ചതെന്നും ആയതിനാൽ കമ്മീഷൻ ഇടപെട്ട് ടിയാൾ ആവശ്യപ്പെട്ട വിവരങ്ങൾ/പകപ്പുകൾ ലഭ്യമാക്കി നൽകണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 21.6.2022-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് താഴെ പറയുന്ന രേഖയായിരുന്നു.

> Certified copy of complaint filed by petitioner against her husband to Sub-Inspector of Police Valiyathura Police Station dated 10th November 2016.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 13.7.2022-ന് മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 18.7.2022-ന് നൽകിയ അപ്പീൽ തീർപ്പാക്കി രണ്ടാം എതിർകക്ഷി പുറപ്പെടുവിച്ച ഉത്തരവിൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടി ശരി വച്ചതായി കാണുന്നു.

4. ഇക്കാര്യത്തിൽ അപ്പീൽ അധികാരിയായ ശംഖുംമുഖം അസിസ്റ്റന്റ് കമ്മീഷണർ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരി വിവരാവകാശ നിയമ പ്രകാരം ഐ.ജി.പി & കമ്മീഷണർ ഓഫ് പോലീസ് തിരുവനന്തപുരം സിറ്റി മുമ്പാകെ അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ആയതിലേക്ക് ടി വിവരം വലിയതുറ പോലീസ് സ്റ്റേഷനുമായി ബന്ധപ്പെട്ടിട്ടുള്ളതാണെന്നും ആയത് ലഭ്യമാക്കുന്നതിലേക്ക് വിവരാവകാശ നിയമം 6(3) വകുപ്പു പ്രകാരം വലിയതുറ പോലീസ് സ്റ്റേഷൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ഡെപ്യൂട്ടി കമ്മീഷണർ ഓഫ് പോലീസ് (ക്രൈം & അഡ്മിൻ) അയച്ചു നൽകിയിട്ടുള്ളതാണെന്നും തുടർന്ന് വിവരം ലഭ്യമായില്ലെന്ന് കാണിച്ച് ടി ഓഫീസിൽ വിവരാവകാശ നിയമ പ്രകാരം അപ്പീൽ നൽകിയിട്ടുള്ളതാണെന്നും ടി അപേക്ഷ വലിയതുറ പോലീസ് സ്റ്റേഷൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് അയച്ച് നൽകി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളതാണെന്നും ആയത് പരിശോധിച്ചതിൽ അപേക്ഷക വിവരാവകാശ അപ്പീൽ അപേക്ഷ പ്രകാരം ആവശ്യപ്പെട്ട 10.11.2016-ൽ ടിയാൾ വലിയതുറ പോലീസ് സ്റ്റേഷനിൽ സമർപ്പിച്ച പരാതി രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തുവാൻ സാധിച്ചിട്ടില്ല എന്ന് 13.8.2022 ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും ടി വിവരം തപാൽ മുഖാന്തിരം അപേക്ഷകയെ അറിയിച്ചിട്ടുള്ളതാണെന്നുമാണ്. കൂടാതെ അപേക്ഷക നൽകിയിട്ടുള്ള അപേക്ഷകളിൽ എല്ലാം തന്നെ Certified copy വിവരാവകാശ പ്രകാരം ആവശ്യപ്പെടുന്നത് ക്രമപ്രകാരം അല്ലെന്നുള്ള വിവരവും ഹർജിക്കാരിയെ ബോധ്യപ്പെടുത്തിയിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിക്കുകയും പരാതിക്കാരിയേയും പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ യും ഇപ്പോൾ നെടുമങ്ങാട് സർക്കിൾ ഇൻസ്പെക്ടറും ആയ ശ്രീ. സതീഷ്കുമാർ, നിലവിലുള്ള എസ്.പി.ഐ.ഒ., അപ്പീൽ അധികാരി എന്നിവർ ഉൾപ്പെടെയുള്ള എതിർകക്ഷികളേയും

കമ്മീഷൻ നേരിൽ കേൾക്കുകയും ചെയ്തു. ഇതിനുപുറമേ പരാമർശിത കാലയളവിലെ കേസ് രജിസ്റ്റർ വലിയതുറ പോലീസ് സ്റ്റേഷനിൽ നിന്ന് ലഭ്യമാക്കി പരിശോധിക്കുകയും ചെയ്തു. പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ യെ നേരിൽ കേട്ട വേളയിൽ അറിയിച്ചത് പരാതിക്കാരിയായ ശ്രീമതി. റബേക്ക കനകരാജ് വലിയതുറ പോലീസ് സ്റ്റേഷനിൽ പരാതി നൽകിയത് ഓർമ്മിക്കുന്നില്ലെന്നും എന്നാൽ പരാതിക്കാരി ടെലിഫോൺ വഴി ഇംഗ്ലീഷിൽ ടിയാരിയുടെ ഭർത്താവിനെതിരെ പരാതി അറിയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ വലിയതുറ സബ് ഇൻസ്പെക്ടർ ആയിരുന്ന ശ്രീ. ജയപ്രകാശിനെ സംഭവ സ്ഥലത്തേക്ക് അയക്കുകയും കേസ് രജിസ്റ്റർ ചെയ്ത് കോടതിയിൽ ചാർജ് ഷീറ്റ് ഫയൽ ചെയ്തിട്ടുള്ളത് ടി കേസ് ഇപ്പോഴും തുടർന്ന് വരികയുമാണ് എന്നാണ്. ഹർജിക്കാരി സമർപ്പിച്ച വിവരാവകാശ അപേക്ഷയുമായി ബന്ധപ്പെട്ട ഫയൽ നിലവിലെ എസ്.പി.ഐ.ഒ കമ്മീഷനിൽ ഹാജരാക്കുകയും കമ്മീഷൻ ടി ഫയൽ പരിശോധിച്ചതിൽ പരാതിക്കാരിയായ ശ്രീമതി. റബേക്ക കനകരാജിന്റെ പരാതി കണ്ടെത്താൻ കഴിഞ്ഞില്ല. അതേസമയം പരാതിക്കാരിയായ ശ്രീമതി. റബേക്ക കനകരാജിനെ കമ്മീഷൻ നേരിൽ കേട്ടവേളയിൽ ടിയാൾ വലിയതുറ പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയുടെ പകർപ്പ് ഇല്ലായെന്ന് അറിയിക്കുകയും ചെയ്തു.

6. വിവരാവകാശ നിയമ പ്രകാരം ലഭ്യമായ മറുപടി നൽകിയതായി കാണുന്നതിനാലും പരാതിക്കാരിയുടെ പരാതിയുടെ പകർപ്പ് എതിർകക്ഷി ഓഫീസിൽ ലഭ്യമല്ല എന്ന് രേഖകൾ പരിശോധിച്ച് കമ്മീഷന് ബോധ്യമായതിനാലും ഈ അപ്പീൽ ഹർജിയിലെ മേൽനടപടി അവസാനിപ്പിച്ച് ഇന്നേ ദിവസം 2023 ഫെബ്രുവരി 23–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മ ീഷൻ സെക്രട്ടറി

bnk